# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2388 12.03.2020-ൽ മറുപടിയ്ക്ക്.

**<u>നിലമ്പൂരിൽ വനംവകുപ്പിന് കീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.വി. അൻവർ : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | നിലമ്പൂർ താലൂക്കിലെ വനംവകുപ്പിന് കീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | നിലമ്പൂർ നോർത്ത് ഡിവിഷനു കീഴിൽ അരുവാക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന കനോലി, ചന്തകുന്ന് ബംഗ്ലാവ് കുന്ന് കേന്ദ്രമായ ചാലിയാർ വ്യൂ, കക്കാടം പൊയിൽ ഭാഗത്തെ കോഴിപ്പാറ, ആഢ്യൻ പാറ എന്നിവ നിലമ്പൂർ സൗത്ത് ഡിവിഷനു കീഴിൽ നെടുങ്കയം ഇക്കോട്ടൂറിസം സെന്റർ എന്നിവയാണ് വനം വകുപ്പിന് കീഴിലുള്ള അംഗീകൃത ഇക്കോ ടൂറിസം കേന്ദ്രങ്ങൾ. |
| (ബി) | പൊതുജനങ്ങളേയും വിനോദ സഞ്ചാരികളേയും ആകർഷിക്കുന്നതിനായി ഇത്തരം കേന്ദ്രങ്ങളിൽ നിലവിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും വനം വകുപ്പിന്റെ ഫണ്ട് മാത്രം ഉപയോഗിച്ചാണോ ഇത്തരം സംവിധാനങ്ങൾ ഒരുക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ബി) | ടി കേന്ദ്രങ്ങളുടെ ആകർഷണീയതയും നിലവിൽ ലഭ്യമായ സംവിധാനങ്ങളും താഴെ പ്പറയുന്നവയാണ്.<br><br>**<u>കനോലി ഇക്കോ ടൂറിസം</u>**<br>1. ചാലിയാറിന് കുറുകെ തൂക്കുപാലം<br>2. ഏറ്റവും പഴക്കമേറിയ മനുഷ്യ നിർമ്മിത തേക്കു തോട്ടം<br>3. പ്രകൃതി ഭംഗി<br><br>**<u>ചാലിയാർ വ്യൂ, ചന്തക്കുന്ന്</u>**<br>1. പഴയ ഡി.എഫ്.ഒ. ബംഗ്ലാവ്<br>2. ആകാശ പാത (സ്കൈ വാക്ക്)<br>3. പ്രകൃതി ഭംഗി<br><br>**<u>കോഴിപാറ</u>**<br>1. വെള്ളച്ചാട്ടം |

| | | | |
|---|---|---|---|
| | | | 2. പ്രകൃതി ഭംഗി<br><br>**<u>നെടുങ്കയം ഇക്കോ ടൂറിസം</u>**<br><br>1. നെടുങ്കയം ചെക്ക് പോസ്റ്റ് മുതൽ കഴിമ്പുഴ വരെയുള്ള ജംഗിൾ സഫാരി<br>2. എലിഫന്റ് ക്രാൾ<br>3. നെടുങ്കയം ഡൗസൻ ടോംബ്<br><br>വനം വകുപ്പിന് ഫണ്ടിനു പുറമെ ഇക്കോ-ടൂറിസം ഡയറക്ടറേറ്റ് വഴി ലഭിക്കുന്ന ഫണ്ടും കൂടി ഉപയോഗിച്ചാണ് ടി പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. |
| (സി) | ടൂറിസം വകുപ്പുമായി സഹകരിച്ചു കൊണ്ട് ഇത്തരം കേന്ദ്രങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തു ന്നതിന് വനം വകുപ്പ് നടപടി സ്വീകരിക്കുമോ; | (സി) | ഇക്കോ-ടൂറിസം ഡയറക്ടറേറ്റിൽ നിന്നും ലഭ്യമാകുന്ന ഫണ്ടുകൾ ഉപയോഗിച്ച് ഇത്തരം കേന്ദ്രങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇക്കോ ടൂറിസം ഡയറക്ടറേറ്റ് വഴിയുള്ള ഫണ്ട് ഉപയോഗിച്ച് വനം വകുപ്പ് ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ സന്ദർശക നിയന്ത്രണത്തിനും മറ്റുമായി വനം വകുപ്പ് Carrying Capacity പഠനം നടത്തുണ്ട്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പഠനത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, തുടർനടപടികൾ സ്വീകരിക്കുവാൻ നടപടി കൈക്കൊള്ളുന്നതാണ്. |
| (ഡി) | ഒരു വർഷം ശരാശരി എത്ര വിനോദ സഞ്ചാരികൾ വനം വകുപ്പിന് കീഴിലുള്ള പ്രസ്തുത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തിച്ചേരുന്നുണ്ട്; വിശദമാക്കാമോ; | (ഡി) | ഏകദേശം 2.50 ലക്ഷത്തോളം വിനോദ സഞ്ചാരികൾ എത്തിച്ചേരുന്നുണ്ട്. |
| (ഇ) | കനോലി പ്ലോട്ട് ഇക്കോ ടൂറിസം പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; പുതിയതായി നിർദ്ദേശിച്ച വിനോദ സഞ്ചാര പദ്ധതികൾ ഏതൊക്കെയെന്ന് | (ഇ) | 2019-ലെ പ്രളയത്തെ തുടർന്ന് കട പുഴകി വീണ വൻമരങ്ങൾ ചാലിയാർ പുഴയിലൂടെ ഒഴുകി വന്ന് കനോലിയിലെ തൂക്കുപാലത്തിൽ ഇടിച്ച് കേടുപാടുകൾ സംഭവിച്ചതിനെ തുടർന്ന് കനോലി പ്ലോട്ട് അടച്ചിട്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | ളക്കപാലത്തിന്റെ നവീകരണത്തിനായി കേരളാ സർക്കാരിന്റെ അക്രഡിറ്റഡ് ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രിയൽ കേരളാ ലിമിറ്റഡിന് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**